# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *107 — 11.07.2016 -ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കായുള്ള വ്യവസായ സംരംഭകത്വ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>,, വി.എസ്.ശിവകുമാർ<br>,, എ.പി. അനിൽ കുമാർ<br>,, വി.ഡി.സതീശൻ | പ്രൊഫ. സി രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ (എസ്.ഇ.എസ്) പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | (എ) (ബി) & (സി) | ഉണ്ട്.<br><br>വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടത്.<br><br>സംസ്ഥാനത്തെ വ്യവസായ , വിവര സാങ്കേതിക വകുപ്പുകൾ , സർവ്വകലാശാലകൾ, ടെക്നോപാർക്ക് ടി ബി .ഐ., കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളി ടെക്ക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.<br><br>സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബ്ബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിയ്ക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | | |
| (സി) | ഇതിന്റെ നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കോളേജുകളിലും ഇത്തരം ക്ലബ്ബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്ക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതേ തുടർന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ